**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5883** **25-03-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ സ്വയം സംരംഭകർക്കായി 2016-ന് ശേഷം നാളിതുവരെ വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കയ്പമംഗലം മണ്ഡലത്തിൽ സ്വയം സംരംഭകർക്കായി 2016-ന് ശേഷം നാളിതുവരെ വ്യവസായ വകുപ്പ് നടപ്പിലാക്കിയ സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, എം എസ് എം ഇ ഇൻഷ്വറൻസ് പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാൻറ് പദ്ധതി തുടങ്ങിയ വിവിധ സഹായ പദ്ധതികളിലൂടെയും, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകളായ സംരംഭകത്വ ബോധവത്കരണ പരിപാടി, സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ആൻഡ് മാനേജ്മെൻ്റ് വികസന പരിപാടി, ടെക്നോളജി ക്ലിനിക്, എം.എസ്.എം.ഇ-ക്ലിനിക്, പൊതു ബോധവത്കരണ പരിശീലനം, ലോൺ-ലൈസൻസ് മേള തുടങ്ങിയവയിലൂടെയും സംരംഭകർക്ക് സഹായങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിലൂടെ എത്ര സംരംഭകർക്കായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, എം എസ് എം ഇ ഇൻഷ്വറൻസ് പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാൻറ് പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ 92 സംരംഭകർക്കായി ആകെ 1,29,18,158 രൂപയും, മറ്റ് സംരംഭക ബോധവത്കരണ, പ്രോത്സാഹന പരിപാടികളിലൂടെ 2,66,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ